# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാലിമിറ്റഡ്

രജി.ഓഫീസ് - കോട്ടയം - 686004

## റൂട്ട് ട്രയിനർ റബ്ബർ തൈകൾ/കൂട റബ്ബർ തൈകളുടെ ഇ-ടെണ്ടർ/മുദ്രവെച്ച ദർഘാസ് വ്യവസ്ഥകൾ

**PSE/50** 04.04.2023

പ്ലാന്റേഷൻ കോർപ്പറേഷൻ വക **നിലമ്പൂർ** എസ്റ്റേറ്റിലേക്ക് പ്ലാന്റിംഗിന് വേണ്ടി റബ്ബർ**ബോർഡ്** മാനദണ്ഡപ്രകാരമുള്ള ഗുണനിലവാരത്തോട് കൂടി ഉൽപാദിപ്പിച്ചിട്ടുള്ള ഉദ്ദേശം 65000 എണ്ണം (RRII-105&RRII-430) റൂട്ട് ട്രയിനർ തൈകൾ/കൂട തൈകൾ താഴെ പറയുന്ന ഗുണനിലവാരത്തോടും വ്യവസ്ഥകൾക്കും വിധേയമായി എസ്റ്റേറ്റിലെ നിശ്ചിത ഡിവിഷനുകളിൽ എത്തിച്ചു നൽകുന്നതിന് നഴ്സറികൾ/കരാറുകാരിൽനിന്നും ഇ-ടെണ്ടറുകൾ/ **മുദ്രവെച്ച** ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. താല്പര്യമുള്ളവർക്ക് (***http://etenders.kerala.gov.in***) എന്ന വെബ്സൈറ്റ് വഴി ഓൺലൈനായോ അല്ലെങ്കിൽ മുദ്രവെച്ച ദർഘാസുകൾ മുഖേനയോ പങ്കെടുക്കാവുന്നതും രേഖപ്പെടുത്തുന്ന ആകെ തുകയുടെ 1% നിരതദ്രവ്യമായി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ മാറാവുന്ന തരത്തിൽ ഡിമാന്റ് ഡ്രാഫ്റ്റ് ആയി ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

തൈകൾ വിതരണം ചെയ്യേണ്ട യൂണിറ്റുകളും എണ്ണവും ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | യൂണിറ്റ് | ആവശ്യമുള്ള തൈകളുടെ എണ്ണം |
|---|---|---|
| | | ആർ.ആർ.ഐ.ഐ 105 / ആർ.ആർ.ഐ.ഐ 430 |
| 1 | നിലമ്പൂർ എസ്റ്റേറ്റ്, നിലമ്പൂർ ആർ. എസ്സ്.പി.ഒ, നിലമ്പൂർ, മലപ്പുറം. | 65000 |

വ്യവസ്ഥകൾ

1. ടെണ്ടറിൽ ഒരു റൂട്ട്ട്രയിനർ റബ്ബർതൈ /പോളിബാഗ് റബ്ബർതൈ എസ്റ്റേറ്റിലെ ഡിവിഷൻ ഓഫീസിൽ എത്തിച്ചു നൽകുന്നതിനുള്ള ഏറ്റവും കുറഞ്ഞ തുകയാണ് രേഖപ്പെടുത്തേണ്ടത്. കരാറുകാരൻ റൂട്ട്ട്രയിനർ റബ്ബർതൈ**കളുടെയും** പോളിബാഗ് റബ്ബർതൈ**കളുടെയും നിരക്ക് ക്ലോൺ തിരിച്ച് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.** കരാറുകാരൻ നൽകുന്ന റൂട്ട് ട്രയിനർ തൈകളുടെ കപ്പുകൾ കരാറുകാരൻ തന്നെ തിരികെ എടുക്കുവാൻ താത്പര്യമുള്ള പക്ഷം ടി കപ്പുകൾക്ക് ലഭിക്കേണ്ട **ഏറ്റവും കൂടിയ നിരക്ക് ടെണ്ടറിൽ** രേഖപ്പെടുത്തേണ്ട **താണ്.** അത്തരത്തിൽ നിരക്കുകൾ രേഖപ്പെടുത്തുന്ന പക്ഷം കപ്പുകളുടെ നിരക്ക് കുറച്ചുള്ള തുക പരിഗണിച്ചായിരിക്കും റൂട്ട് ട്രയിനർ തൈ എസ്റ്റേറ്റിൽ എത്തിച്ചു നൽകുന്നതിനുള്ള നിരക്ക് കണക്കാക്കുന്നത്.

2. ആവശ്യമുള്ള തൈകളുടെ ഉദ്ദേശം എണ്ണമാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. റൂട്ട്ട്രയിനർ റബ്ബർതൈകൾക്ക് മാത്രമായോ, പോളിബാഗ് റബ്ബർതൈകൾ മാത്രമായോ അല്ലെങ്കിൽ രണ്ടും കൂടി ചേർത്ത് മുകളിൽ പ്രസ്താവിച്ച എണ്ണം റബ്ബർതൈകൾ നൽകുന്നതിനുള്ള നിരക്ക് കരാറുകാരൻ രേഖപ്പെടുത്താവുന്നതാണ്

3. കരാറുകാരൻ നൽകുന്ന തൈകളുടെ കപ്പുകൾ (കപ്പുകളുടെ നിരക്കുകൾ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ) കോർപ്പറേഷൻ തൈകൾ നട്ടതിനുശേഷം 30 ദിവസത്തിനുള്ളിൽ എസ്റ്റേറ്റിലെ ഡിവിഷനുകളിൽ നിന്നും സ്വന്തം ചിലവിൽ മടക്കികൊണ്ടുപോകേണ്ടതാണ്.

4. ഇ ടെണ്ടർ/മുദ്രവെച്ച ദർഘാസുകളിൽ പങ്കെടുത്തിട്ടുള്ള കരാറുകാർ രേഖപ്പെടുത്തിയ നിരക്കുകൾ താരതമ്യം ചെയ്ത് അവയിൽ വെച്ച് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കക്ഷിയ്ക്ക് ടെണ്ടർ ഉറപ്പിക്കുന്നതാണ്. ആവശ്യമെങ്കിൽ തൈകൾ കോർപ്പറേഷനിൽ നൽകുന്നതിനുള്ള കരാർ, ഒന്നോ അതിൽ കൂടുതലോ കരാറുകാർക്ക് അംഗീകൃത നിരക്കിൽ നൽകുന്നതിനുള്ള വിവേചന അധികാരം കോർപ്പറേഷന്റെ മാനേജിംഗ്ഡയറക്റിൽ പൂർണ്ണമായി നിക്ഷിപ്തമായിരിക്കുന്നതാണ്.

5. കരാറുകാരൻ പർച്ചെയ്സ്ഓർഡറിൽ പറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ (ഷെഡ്യൂൾ) അനുസരിച്ച് തൈകൾ സ്വന്തം ചിലവിൽ എസ്റ്റേറ്റിലെ നിശ്ചിത ഡിവിഷനിൽ എത്തിച്ചു നൽകേണ്ടതാണ്. സാധാരണനിലയിൽ കരാർകാലാവധി നീട്ടി നൽകുന്നതല്ല. കരാർകാലാവധി കഴിഞ്ഞ്തൈകൾ നൽകിയാൽ ആയതിന് ഓരോ 7 ദിവസത്തിനും വിതരണം ചെയ്യാനുള്ളതൈയ്യുടെ ആകെ വിലയുടെ അര ശതമാനം എന്ന നിരക്കിൽ പിഴ തുക സഹിതം പരമാവധി ഒരു മാസം വരെ യുള്ള സമയം കൂടി അനുവദിച്ചുനൽകാവുന്നതും 7 ദിവസത്തിൽ കുറവുള്ള ദിവസങ്ങൾക്ക് മേൽപ്പറഞ്ഞതിന് ആനുപാതികമായി പിഴ ഈടാക്കുന്നതാണ്. തുടർന്നും തൈകൾ എത്തിച്ചു തരുന്നതിൽ വീഴ്ച വരുത്തുകയോ കരാറുകാരൻ കരാർ പ്രകാരം കാലാവധിക്ക് മുമ്പായി തൈകൾ പൂർണ്ണമായും നൽകാതിരിക്കുകയോ കരാറിൽ നിന്നും പിൻവാങ്ങുകയോ ചെയ്താൽ ടി കരാർ റദ്ദുചെയ്യുന്നതും സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടുന്നതുമായിരിക്കും. കോർപ്പറേഷന് ആവശ്യമായ തൈകൾ പൂർണ്ണമായോ ഭാഗികമായോ മറ്റ് ഏതെങ്കിലും സ്രോതസ്സുകളിൽ നിന്നും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ലഭ്യമാക്കുന്നതും ആയത്മൂലം ഉണ്ടാകാവുന്ന എല്ലാ ചെലവുകളും നഷ്ടങ്ങൾക്കും കരാറുകാരൻ പൂർണ്ണമായും ഉത്തരവാദിയായിരിക്കും. ആയത് കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്. കൂടാതെ കരാറുകാരന്റെ നിരതദ്രവ്യം/ സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നിവ സഹിതം എല്ലാ തുകയും കണ്ടുകെട്ടി കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതും മേൽപടി തുക ഈടാക്കുന്നതുമായിരിക്കും.

6. ഏതൊരു ടെണ്ടറും സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിംഗ്ഡയറക്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മാനേജിംഗ്ഡയറക്റുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആയതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

7. ഈ ടെണ്ടർ സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ/വ്യവഹാരങ്ങൾ ഉണ്ടാകുകയാണെങ്കിൽ ആയതിന്റെ നിയമ നടപടികൾക്കുള്ള പരിധി കോട്ടയത്തുള്ള കോടതികൾ ആയിരിക്കും.

8. ദർഘാസുകൾക്ക് ബാധകമായിട്ടുള്ള TDS 194 നികുതി കിഴിവ് സംബന്ധിച്ച എല്ലാ വ്യവസ്ഥകളും ബാധകമാണ്.

9. ടെണ്ടർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് അറിയിപ്പ് നൽകുന്നതും അറിയിപ്പ് **ലഭിച്ച്** 7 ദിവസങ്ങൾക്കകം കരാറുകാരൻ 200/- രൂപ മുദ്രപത്രത്തിൽ ഇതിലേയ്ക്കായി ഒരു കരാർ കോർപ്പറേഷനുമായി വെയ്ക്കേണ്ടതും കരാറിന്റെ മൊത്തം തുകയുടെ 5% വരുന്ന തുക **(ഇ.എം.ഡി തുക അടക്കം)** സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവെയ്ക്കേണ്ടതാണ്.

10. **മാനേജിംഗ്** ഡയറക്ടർ നിർദ്ദേശിക്കുന്ന ഒരു വിദഗ്ധസമിതി ആയിരിക്കും റൂട്ട് ട്രയിനർ തൈകളുടെ ഗുണനിലവാരം നിശ്ചയിക്കുന്നത്. .എസ്റ്റേറ്റിൽ ലഭ്യമാക്കുന്ന തൈകളുടെ ഗുണനിലവാരത്തിൽ **നിഷ്കർച്ചിട്ടുള്ള** നിബന്ധനകളിൽ വ്യത്യാസം ബോദ്ധ്യപ്പെട്ടാൽ അത്തരത്തിലുള്ള തൈകൾ സ്വീകരിക്കുന്നതല്ലാത്തതും ഗുണനിലവാരം കുറഞ്ഞവയ്ക്ക് പകരം എണ്ണം ഗുണനിലവാരം ഉള്ള തൈകൾ ഒരാഴ്ചയ്ക്കുള്ളിൽ ബന്ധപ്പെട്ട സ്ഥലങ്ങളിൽ സ്വന്തം ചെലവിൽ എത്തിച്ചു തരുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്. അപ്രകാരം ചെയ്യാതിരുന്നാൽ കോർപ്പറേഷൻ ബദൽ മാർഗ്ഗത്തിലൂടെ തൈകൾ വാങ്ങിക്കുന്നതും ഇതുമൂലം കോർപ്പറേഷന് ഉണ്ടാകുന്നതായ എല്ലാവിധ കഷ്ട നഷ്ടങ്ങൾക്ക് കരാറുകാരൻ പൂർണ്ണമായും ഉത്തരവാദി ആയിരിക്കുന്നതും ആയത്കരാറുകാരനിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കും.

11. എസ്റ്റേറ്റിൽ ലഭ്യമാക്കുന്ന തൈക**ളു**ടെ ഗുണ നിലവാരം ബോദ്ധ്യപ്പെട്ട് 70% തുക ഉടനടി നൽകുന്നതും ബാക്കി തുക കരാർ പൂർത്തീകരിച്ചതിനു ശേഷം ഫൈനൽ പേയ്മെന്റായി നൽകുന്നതുമാണ്. കൂടാതെ കരാറുകാരൻ ഒറിജിനൽ ഇൻവോയ്സ് **എസ്റ്റേറ്റിൽ തൈകൾ വിതരണം ചെയ്യുന്ന സമയത്ത്** നൽകേണ്ടതാണ്.

12. നിരക്ക് അംഗീകരിക്കാത്ത കരാറുകാരുടെ E.M.D. കരാറിന്മേൽ തീരുമാനമെടുത്ത് 30 ദിവസത്തിനകംതിരികെ നൽകുന്നതാണ്. E.M.D/സെക്യൂരിറ്റി **എന്നീ** തുകയ്ക്ക് പലിശ നൽകുന്നതല്ല

13. കരാറുകാരന്റെ സെക്യൂരിറ്റി തുക കരാർ കാലാവധി കഴിഞ്ഞ് 60 ദിവസത്തിനകം തിരികെ നൽകുന്നതാണ്.

14. കാരണം **കാണിക്കാതെ** കരാർ മാറ്റിവയ്ക്കുന്നതിനോ ക്യാൻസൽ ചെയ്യുന്നതിനോ ഉള്ള പൂർണ്ണ അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും. ഇത്തരം സന്ദർഭങ്ങളിൽ കരാറുകാരന് നഷ്ടപരിഹാരങ്ങൾക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

15. ഇ-ടെണ്ടർഫോറത്തിന് 7140 രൂപ, (നികുതിയടക്കം) ഓൺലൈനായി ടെണ്ടർ സമർപ്പിക്കുന്ന സമയത്ത് അടയ്ക്കേണ്ടതും **മുദ്രവെച്ച** ദർഘാസുകൾ **മുഖേന ടെണ്ടർ സമർപ്പിക്കുന്നവർ ടെണ്ടർ ഫോറത്തിൻറ വില നേരിട്ടോ പ്ലാന്റേഷൻ** കോർപ്പറേഷന്റെ **പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ് / ആർ.റ്റി.ജി.എസ് മുഖേന അടക്കേണ്ടതും.** അല്ലാതുള്ള ടെണ്ടറുകൾ **നിരസിക്കുന്നതുമായിരിക്കും.**

16. ഇ-ടെണ്ടർ/മുദ്രവെച്ച ദർഘാസുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 24.04.2023 **11 AM** ആണ്.

17. **ഇ ടെണ്ടർ വഴി** നിരക്കുകൾ രേഖപ്പെടുത്തി തൈകൾ വിതരണം ചെയ്യാൻ താല്പര്യപ്പെടുന്ന നഴ്സറി/ കരാറുകാരൻ ടെണ്ടർ കണ്ടീഷന്റെ **എല്ലാ പേജിലും** ഒപ്പ് വച്ചതിന്റെയും E.M.D. യുടെയും സ്കാൻഡ് കോപ്പി ഇ ടെണ്ടറിൽ നിരക്കുകൾ സമർപ്പിക്കുന്ന സമയത്ത് അപ്ലോഡ് ചെയ്യേണ്ടതാണ്. ഒപ്പിട്ട ടെണ്ടർ കണ്ടീഷന്റെയും E.M.D.യുടെയും ഒറിജിനൽ **(നിരക്കുകൾ രേഖപ്പെടുത്തിയ ഭാഗം ഒഴികെ)** ഒട്ടിച്ച കവറിൽ **25.04.2023** തീയതിക്കു 5**P.M.** ന് മുമ്പായി കോർപ്പറേഷന്റെ കോട്ടയത്തുള്ള ഹെഡ് ഓഫീസിലെ പർച്ചെയ്സ് ഡിപ്പാർട്ടുമെന്റിൽ എത്തിച്ചിരിക്കേ താണ്.

.

18. **മുദ്രവെച്ച ദർഘാസു**കൾ മുഖേന നിരക്കുകൾ രേഖപ്പെടുത്തി തൈകൾ വിതരണം ചെയ്യാൻ താല്പര്യപ്പെടുന്ന നഴ്സറി/ കരാറുകാർ ഒപ്പിട്ട ടെണ്ടർ കണ്ടീഷന്റെയും അനുബന്ധമായുള്ള ടെണ്ടർ ഫോമിൽ നിരക്കുകളും രേഖപ്പെടുത്തി E.M.D. ഡിമാൻഡ് ഡ്രാഫ്റ്റായും മുദ്രവെച്ച കവറിൽ **24.04.2023** തീയതിയ്ക്ക് **11** AM -ന് മുമ്പായി **മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, മുട്ടമ്പലം പി.ഒ, കോട്ടയം-4** എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

19. മുദ്രവെച്ച ദർഘാസുകൾ 24.04.2023 തീയതിയിൽ 11.30 AM-ന് അപ്പോൾ സന്നിഹിതരായിട്ടുള്ള കരാറുകാർ/ പ്രതിനിധികളുടെ സാനിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഇ-ടെണ്ടറുകൾ 26.04.2023 തീയതിയിൽ 11.30 AM-ന് അപ്പോൾ സന്നിഹിതരായിട്ടുള്ള കരാറുകാർ/പ്രതിനിധികളുടെ സാനിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് ദി മാനേജർ, കൊമേഴ്സ്യൽ, **പ്ലാന്റേഷൻ കോർപ്പറേഷൻ** ഓഫ് കേരള ലിമിറ്റഡ്, കോട്ടയം-4 (9496076007)/ **website: www.pcklimited.in**.

04.04.2023 Sd/-

കോട്ടയം മാനേജിംഗ്ഡയറക്ടർ

# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാലിമിറ്റഡ്

രജി.ഓഫീസ് - കോട്ടയം - 686004

## ടെണ്ടർ ഫോം

## റൂട്ട് ട്രയിനർ തൈകളുടെ / കൂടത്തൈകളുടെ നിരക്ക് രേഖപ്പെടുത്തേണ്ടതാണ്

| ITEMS | RRII 105 (ഒരു തൈയുടെ നിരക്ക്) | RRII 430 (ഒരു തൈയുടെ നിരക്ക്) |
|---|---|---|
| റൂട്ട് ട്രയിനർ തൈകളുടെ നിരക്ക് | | |
| കൂടത്തൈകളുടെ **നിരക്ക്** | | |
| കപ്പ് തിരികെ കരാറുകാരൻ എടുക്കുന്നതിനുള്ള നിരക്ക് (ഒരു കപ്പിന്റെ നിരക്ക്) | | |

| | |
|---|---|
| Name and Address | |
| GST Number of the Tenderer | |
| Details of EMD | |
| Telephone No. & Fax No. | |
| E-mail ID | |
| Date | |

മുകളിൽ രേഖപ്പെടുത്തിയ ടെണ്ടർ വ്യവസ്ഥകൾ വായിച്ച് അംഗീകരിച്ച് ഒപ്പ് വെച്ചിരിക്കുന്നു.

**കരാറുകാരന്റെ ഒപ്പ്:**